മി. സ്പീക്കർ: ..........ഓർഡർ.......ഓർഡർ........

*661-ാം നമ്പർ ചോദ്യവുമായി *670-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ഈ രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

കയ്യേറ്റഭൂമി ഒഴിപ്പിക്കൽ

(*661) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കയ്യേറ്റക്കാരിൽനിന്ന് സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ലാന്റ് ബോർഡിന്റെ ചുമതലകൾ വ്യക്തമാക്കുമോ; പ്രസ്തുത ചുമതലകൾ ലാന്റ് ബോർഡ് കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഹൈക്കോടതിയിൽ നടക്കുന്ന മിച്ച ഭൂമി കേസുകളിൽ തീർപ്പുണ്ടാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നിയമനാസൃത നടപടികൾ അറിയിക്കുമോ;

(ഡി) താലൂക്ക് ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ലാന്റ്

ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഭൂമി കയ്യേറ്റം തടയുന്നതിനായി എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എസ്ച്ചീറ്റായി ഭൂമി ഏറ്റെടുത്തതിന്റെ വിവരങ്ങൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റക്കാരിൽനിന്ന് സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തതിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ജില്ല | റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ എണ്ണം | ഒഴിപ്പിച്ച കേസുകളുടെ എണ്ണം | ഒഴിപ്പിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| തിരുവനന്തപുരം | 83 | 56 | 3.56.78 |
| കൊല്ലം | 101 | 51 | 0.47.25H |
| പത്തനംതിട്ട | 33 | 5 | 1.29.3H |
| ആലപ്പുഴ | 97 | 18 | 1.62.50H |
| കോട്ടയം | 16 | 6 | 0.02.80H |
| ഇടുക്കി | 115 | 61 | 179.69.52(H) |

| | | | |
|---|---|---|---|
| എറണാകുളം | 169 | 22 | 2.46.71(H) |
| തൃശ്ശൂർ | 70 | 25 | 0.22.75(H) |
| പാലക്കാട് | 511 | 259 | 1.42.36 |
| മലപ്പുറം | 43 | 27 | 3.31.37(H) |
| കോഴിക്കോട് | 39 | 5 | 0.1718(H) |
| വയനാട് | 95 | 62 | 1.3882 |
| കണ്ണൂർ | 35 | 3 | 0.0735 |
| കാസർഗോഡ് | 70 | 5 | 0.8744 |
| ആകെ | 1477 | 605 | 196.6477H |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 149 സീലിംഗ് കേസുകൾ താലൂക്ക് ലാന്റ് ബോർഡ് മുഖേന തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ 91 പുതിയ സീലിംഗ് കേസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഇനി 1372 കേസുകൾ തീർപ്പ് കൽപ്പിക്കുവാൻ ശേഷിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക നേതൃത്വം നൽകുകയുമെന്നതാണ് ലാന്റ് ബോർഡിന്റെ പ്രഥമവും പ്രധാനവുമായ ചുമതല. ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്ന നിയമപ്രകാരമുള്ള സ്ഥാപനങ്ങളായ ലാന്റ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റി, താലൂക്ക് ലാന്റ് ബോർഡുകൾ എന്നിവയുടെ ഭരണപരവും പ്രവർത്തനപരവുമായ മേൽനോട്ടം വഹിക്കുക, പ്രവർത്തനത്തിനാവശ്യമായ പൊതു നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ

വിലയിരുത്തുന്നതിനാവശ്യമായ റിക്കാർഡുകൾ സൂക്ഷിക്കുക എന്നതാണ് ലാന്റ് ബോർഡിന്റെ ചുമതലകൾ. ലാന്റ് ബോർഡിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ട്.

(സി) മിച്ചഭൂമി കേസുകളിൽ ഉത്ഭവിക്കുന്ന ഹർജികളിൽ യഥാസമയം തുടർ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

മിച്ചഭൂമി കേസിലെ ഉത്തരവിനെതിരെ സർക്കാരും കക്ഷികളും സമർപ്പിക്കുന്ന റിവിഷൻ ഹർജികളിലും നടപടികൾ വേഗത്തിൽ നടത്തുകയും സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരവും തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ലാന്റ് ബോർഡുകളിൽ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേസുകൾ അനാവശ്യമായി നീട്ടിക്കൊണ്ടു പോകരുതെന്ന് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഭൂമി കയ്യേറ്റം തടയുന്നതിനായി ജില്ലകളിൽ ജാഗ്രതാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കയ്യേറ്റങ്ങൾ തടയുന്നതിൽ ജാഗ്രതക്കുറവ് കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കും.

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം ഏറ്റെടുത്ത എസ്ചീറ്റ് ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | അരുവിക്കര | 344/20 | 00.10.15 ഹെക്ടർ |
| 2 | കൊല്ലം | - | - | - |
| 3 | പത്തനംതിട്ട | - | - | - |
| 4 | ആലപ്പുഴ | - | - | - |
| 5 | കോട്ടയം | മുണ്ടക്കയം | 438/10 | 00.01.65 ഹെക്ടർ |
| 6 | ഇടുക്കി | - | - | - |
| 7 | എറണാകുളം | - | - | - |
| 8 | തൃശ്ശൂർ | - | - | - |
| 9 | പാലക്കാട് | - | - | - |
| 10 | മലപ്പുറം | - | - | - |
| 11 | കോഴിക്കോട് | തിരുവമ്പാടി | 174/1 ബി | 00.12.14 ഹെക്ടർ |
| | | ചക്കിട്ടപ്പാറ | 912/2,3,4,5,6 അൺസർവ്വെ | 1699.72 ഹെക്ടർ |
| 12 | വയനാട് | - | - | - |
| 13 | കണ്ണൂർ | - | - | - |
| 14 | കാസർഗോഡ് | - | - | - |
| | | | ആകെ | 1723.66 ഹെക്ടർ |

## കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാലോചിതമായ നിയമ ഭേദഗതി

(*670) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. അട്ടൂർ പ്രകാശ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും സർക്കാർ ഭൂമി അനധികൃതമായി കയ്യേറുന്നുയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് സാധിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1958-ലെ ഭൂസംരക്ഷണ നിയമവും ചട്ടങ്ങളും ഫലപ്രദമല്ലായെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും കാലോചിതമായ ഭേദഗതി കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിപ്പോർട്ട് ചെയ്ത കയ്യേറ്റ കേസുകൾ പോലും ഫലപ്രദമായി ഒഴിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടുണ്ടോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) സംസ്ഥാനത്ത് പലഭാഗങ്ങളിലും സർക്കാർ ഭൂമി അനധികൃതമായി കയ്യേറുന്നുയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നിയമാനുസൃത നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി & സി) കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, 2009-ലെ ഭൂ സംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരമാണ് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്. ടി നിയമത്തിലും ചട്ടങ്ങളിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വ്യക്തമായി വ്യവസ്ഥയുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ നടന്നുവരുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ നിയമമാകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1477 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും 605 കേസുകളിലായി 196.6477(H) സർക്കാർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട കോടതികളിൽ വ്യവഹാരം നിലവിലുള്ള കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികളിൽ കാലതാമസം വന്നിട്ടുണ്ട്.

(ഇ) കയ്യേറ്റക്കാർക്ക് ലഭിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ പിൻബലം

നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായിട്ടില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യേറ്റങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ശ്രീ. അടൂർ പ്രകാശ് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തേക്കാൾ മികച്ച നിലയിലാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെയാണ് ശക്തമായ നിലപാടുകളുമായി മുന്നോട്ടുപോകുന്നത്. കയ്യേറ്റങ്ങൾ ഉൾപ്പെടെയുള്ള നടപടികൾ നിർത്തിവയ്ക്കുന്നതിനും തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിനുംവേണ്ടി കൂടുതൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ലാൻഡ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് കൊണ്ടുവരുമെന്ന് നേരത്തെ പറഞ്ഞിരുന്നു. അപ്രകാരം ഒരു ബിൽ തയ്യാറാക്കിയിരുന്നതായാണ് അറിയാൻ കഴിഞ്ഞത്. അതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും കൂടുതൽ ശക്തമായ വ്യവസ്ഥകളടങ്ങിയ നിയമമുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് കേരള ലാൻഡ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ

തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചത്. നിയമ വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ച ബിൽ, അതിലെ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിയമ വകുപ്പ് ഗവൺമെന്റിലേയ്ക്ക് തിരിച്ചയയ്ക്കുകയാണ് ഉണ്ടായത്. പ്രസ്തുത ബിൽ ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിക്കാൻ കഴിയാത്ത ഭൂമിയെ സംബന്ധിച്ച് ഹിയറിംഗ് ഉൾപ്പെടെയുള്ള വിശദമായ പരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് ഒരു സ്പെഷ്യൽ കോടതി രൂപീകരിക്കാനും കോടതി അങ്ങനെയുള്ള ഓരോ കേസും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപ്പിലാക്കുന്നതിനും ഒഴിപ്പിക്കുന്നതിനുവേണ്ടി ഏത് രീതിയിൽ അത് ഉപയോഗിക്കണമെന്നും എപ്രകാരം ക്രമീകരിക്കണമെന്നൊക്കെ തീരുമാനിക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കുന്നതിനുമെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്ന ബില്ലാണ് ലാൻഡ് ഗ്രാബിംഗ് പ്രൊഹിബിഷൻ ബിൽ എന്ന രീതിയിൽ നമ്മൾ തയ്യാറാക്കിയിട്ടുള്ളത്. നിയമ വകുപ്പ് പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ചില നിയമതടസ്സങ്ങൾ ഉന്നയിച്ച സാഹചര്യത്തിൽ പ്രസ്തുത കാര്യം പരിശോധിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, സർക്കാർ ഭൂമിയുടെ സംരക്ഷണവും

അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, 2008-ൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ലാൻഡ് ബാങ്ക് സിസ്റ്റം നിലവിൽ വരുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം സർക്കാർ ഭൂമിയുടെ എല്ലാ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ചു പോകുകയെന്നത് പ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി രൂപീകരിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്ന് ശേഖരിക്കുകയും www.kslb.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്യുന്നതുമാണ്. ഇത് വിവിധ ജില്ലകളിൽനിന്ന് കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ്. നിലവിൽ ഇടുക്കി ജില്ലയിൽ

പട്ടാളത്തിൽനിന്ന് വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ച് സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി അവിടെയുള്ള ഭൂമി സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു. അതുപോലെ ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ചില അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം കാര്യങ്ങൾ ഒഴിവാക്കുന്ന നടപടികളും സ്വീകരിച്ചുവരികയാണ്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൾ ചുറ്റുമതിൽ, കമ്പിവേലി എന്നിവ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികളും ലാൻഡ് ബാങ്കിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ദേവികുളം, ഉടുമ്പഞ്ചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രവർത്തിക്കുന്നു. ഇത്രയുമാണ് പൊതുവിൽ ലാൻഡ് ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈയേറ്റക്കാരിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് മോചിപ്പിക്കുന്ന എല്ലാ പ്രവർത്തനത്തെയും പിൻതുണയ്ക്കുകയാണ്. അങ്ങ് തന്ന ലിസ്റ്റ് അനുസരിച്ച് രണ്ടുമൂന്ന് ജില്ലകളിൽ, പത്തനംതിട്ട ജില്ലയിൽ 33 കേസ്

എടുത്തതിൽ 5 എണ്ണവും എറണാകുളത്ത് 169 കേസ് എടുത്തതിൽ 22 എണ്ണവും കോഴിക്കോട് 39 കേസ് എടുത്തതിൽ 5 എണ്ണവും മാത്രമേ ഒഴിപ്പിച്ചിട്ടുള്ളൂ. ഇത് 20%-ൽ താഴെയാണ്. ഈ ജില്ലകളിൽ ഇത് എങ്ങനെയാണ് വന്നത്; പാലക്കാട് ജില്ലയിൽ 511 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷെ മറ്റു ജില്ലകളിലെല്ലാം 200-ൽ താഴെയാണ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ ഗവൺമെന്റ് ഉത്തരവാദിത്വം നടപ്പാക്കുന്നതിൽ എവിടെയെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ; ഒഴിപ്പിച്ചെടുത്ത രണ്ടുമൂന്നു ജില്ലകളിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾ പരിശോധിക്കാനും ഇത് വേഗത്തിൽ നടപ്പാക്കാനും, കേസുകൾ താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ കണ്ടെത്തി നടപടി എടുക്കുന്നില്ലെങ്കിൽ അവ എടുപ്പിക്കാനുമുള്ള വളരെ സത്വരവും ശാസ്ത്രീയവുമായ സംവിധാനം രൂപപ്പെടുത്തുമോ;

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുമായി താരതമ്യം ചെയ്താൽ വളരെ ചെറിയ തോതിലാണ് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചതെന്ന് കാണാൻ കഴിയും. അതേസമയം എല്ലാ ജില്ലകളിലും ധാരാളം കേസ്സുകൾ വരാത്തത് സംബന്ധിച്ച്, കൈയേറ്റങ്ങളുടെ എണ്ണം

കുറവായതുകൊണ്ടാണോ, കൈയേറ്റങ്ങളുടെ എണ്ണം റിപ്പോർട്ട് ചെയ്യപ്പെടാത്തതുകൊണ്ടാണോ എന്നത് പരിശോധിച്ചാൽ മാത്രമേ മനസ്സിലാകുകയുള്ളൂ. ഇത്തരം റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളിൽ യഥാസമയം ഒഴിപ്പിക്കൽ നടപടി സ്വകരിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള പ്രദേശങ്ങളുണ്ടെങ്കിൽ, അത് പ്രത്യേകമായി പരിശോധിക്കും. പലപ്പോഴും ഇത്തരം കേസുകളിൽ ഒഴിപ്പിക്കുന്നതിന്റെ എണ്ണം കുറയുന്നത് കൈയേറ്റത്തെ തുടർന്ന് അവർക്ക് കൊടുക്കുന്ന നോട്ടീസുകളും, ആ നോട്ടീസിൽ സമ്മറി എവിക്ഷനാണ് നടത്തുന്നതെങ്കിൽ അവരെ പെട്ടന്ന് ഒഴിപ്പിക്കാൻ കഴിയും. അല്ലാത്ത കേസുകളിൽ സാധാരണ ഗതിയിൽ തഹസീൽദാർ അവർക്ക് കൊടുക്കേണ്ട നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ, നോട്ടീസ് കിട്ടിക്കഴിഞ്ഞാൽ അവർ ആർ.ഡി.ഒ-ന്റെ മുമ്പാകെ അപ്പീലുമായി പോകും. അങ്ങനെ അപ്പീൽ സ്വീകരിച്ചിട്ടുള്ള കേസുകളാണെങ്കിൽ, അതിലെ തീരുമാനമനുസരിച്ച് അതിന്റെ അവസാനത്തെ എ.എൽ.സി നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അത്തരം സാഹചര്യങ്ങളിൽ ഉണ്ടാകുന്ന കാലതാമസം, ചില കേസ്സുകളിൽ കോടതികളിൽ പോകുന്നത്, അപ്പീൽ എന്ന രീതിയിൽ ഡിപ്പാർട്ട്മെന്റിൽ (സർക്കാരിൽ) തന്നെ പോകുന്നത്, ഉൾപ്പെടെയുള്ള കേസ്സുകളുടെ

പ്രത്യേകതകൾ കൊണ്ടുമാണ് ചില ജില്ലകളിൽ വളരെ കുറഞ്ഞുപോയിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. മറ്റ് ഏതെങ്കിലും പോരായ്മ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും.

ശ്രീ. ഇ. കെ. വിജയൻ : സർ, പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് തിരിച്ചെടുത്തത്; ഇപ്രകാരമുള്ള ഭൂമി തിരിച്ചെടുക്കുന്നതിന് പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചില ഭൂമികൾ തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ 38.34 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ് തുടർന്നും അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും, ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ കമ്മീഷണർ, ലോ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ അടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കമ്മിറ്റി

അത് സംബന്ധിച്ച് പരിശോധിച്ച് കണ്ടെത്തുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തീർച്ചയായും പാട്ടക്കാലാവധി കഴിഞ്ഞും കൈവശം വച്ചിരിക്കുന്ന ഭൂമിയെ തിരിച്ചെടുക്കുക തന്നെയാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. എൽദോ എബ്രഹാം : സർ, 2009 -ലെ കേരള ഭൂ സംരക്ഷണ ആക്ടിൽ കൊണ്ടുവന്ന ഭേദഗതി നിയമം അനുസരിച്ചുള്ള നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; കേരളത്തിൽ ഇന്ന് നടന്നുവരുന്ന റീസർവ്വേ ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2009 -ലെ കേരള ഭൂ സംരക്ഷണ ആക്ടിൽ കൊണ്ടുവന്ന ഭേദഗതിയുടെ ഒരു പ്രത്യേകത, നേരത്തെ ഉണ്ടായിരുന്ന വ്യവസ്ഥകൾ കൂടുതൽ ശക്തമാക്കുക എന്നതാണ്. എന്നുപറഞ്ഞാൽ അതിന്റെ ക്രിമിനൽ നടപടിക്രമമനുസരിച്ച് കേസ്സെടുക്കാനും, സർക്കാർ ഭൂമി കൈയേറി കൈവശം വയ്ക്കുന്ന ആളുകൾക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് 3 മുതൽ 5 കൊല്ലംവരെ ജയിൽ ശിക്ഷകൊടുക്കുന്നതിനും 2 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ പിഴ അടയ്ക്കുന്നതിനുമുള്ള തീരുമാനമെടുക്കാവുന്ന വിധത്തിലാണ് 2009 ലെ കേരള ഭൂസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. അതിനെ

തുടർന്ന് നടപടി സ്വീകരിക്കേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതു കണ്ടില്ലെന്നു നടിക്കുകയോ, നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്താൽ, ആ ഉദ്യോഗസ്ഥരുടെ പേരിലുൾപ്പെടെ നടപടി സ്വീകരിക്കാനും, ശിക്ഷാനടപടി അവർക്കുകൂടി ബാധകമാക്കാവുന്ന തരത്തിൽ നടപ്പാക്കാനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ഉൾപ്പെടെ ഒന്നോ രണ്ടോ ജില്ലകളിൽ മാത്രമാണ് ക്രിമിനൽ കേസുകൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ അത്തരം കേസ്സുകളിൽ, 2009-ൽ നിലവിൽ വന്ന നിയമത്തിലെ ഭേദഗതിയെ തുടർന്ന് സ്വീകരിക്കാവുന്ന കർശന നിലപാട് സ്വീകരിക്കാതിരുന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. തീർച്ചയായും അത് പരിശോധിച്ചാൽ അങ്ങനെയുണ്ടെങ്കിൽ അതുമായി മുന്നോട്ടുപോകാനും അത് കർശനമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കും. റീ സർവ്വേയുമായി ബന്ധപ്പെട്ട വിഷയത്തിൽ, റീ സർവ്വെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും പലേടത്തും നിലവിലുള്ള എൽ.എ.ആർ. കേസുകളിലെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെയോ, കേന്ദ്ര ഗവൺമെന്റിന്റെയോ അംഗീകാരമുള്ള ഏജൻസികളുമായി ബന്ധപ്പെട്ട് അവരുടെ സഹായത്തോടുകൂടി കഴിയുന്നത്ര വേഗതയിൽ റീ സർവ്വെ

പ്രവർത്തനം പൂർത്തിയാക്കാൻ ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് പൊതുവിൽ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അത്തരം പ്രവർത്തനം നടന്നുവരികയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, മന്ത്രിയുടെ ഉത്തരത്തിൽ പറയുന്നത് 1477 കൈയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. ഒഴിപ്പിച്ചത് 605 ആണ് . ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്രയും കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഒരുഭാഗത്ത് കൈയൊഴിപ്പിക്കാൻ ശ്രമിക്കുന്നു, മറുഭാഗത്ത് കൈയ്യേറ്റം തുടരുന്നു. ഇത്തരം കാര്യങ്ങൾ നടക്കണമെങ്കിൽ ഒന്നുകിൽ അവർക്ക് രാഷ്ട്രീയമായ സംരക്ഷണം വേണം. അല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ സംരക്ഷണം വേണം. ഇത്തരത്തിൽ ഒഴിപ്പിക്കാൻ നടപടിയെടുക്കുന്ന ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കുകയാണ് ഈ ഗവൺമെന്റ്. ഇടുക്കി ജില്ലയിലെ ദേവികുളം സബ് കളക്ടർ, ശ്രീ. വെങ്കിട്ടരാമൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം ഒരു മെസ്സേജാണ്. ഉദ്യോഗസ്ഥൻമാർ എടുക്കുന്ന നടപടി സംരക്ഷിച്ചില്ലെങ്കിൽ അവർ നടപടി സ്വീകരിക്കുമോ; ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ സംരക്ഷിക്കുന്നതിന് തയ്യാറാകണം. അതുപോലെ ഈ റിപ്പോർട്ടിലെ സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, സംഭവങ്ങളിലെല്ലാം രാഷ്ട്രീയമായ

സംരക്ഷണം ഉണ്ട് എന്നാണ്. മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഇത്തരം കേസുകൾ മന്ത്രി നേരിട്ട് മോണിറ്റർ ചെയ്ത് ഒഴിപ്പിക്കൽ നടപടി ത്വരിതപ്പെടുത്താൻ ശ്രമിക്കുമോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാനിത് നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചതാണ്. 1177 കേസുകളിൽ 605 കേസുകളാണ് ഒഴിപ്പിച്ചിട്ടുള്ളത് എന്നുപറഞ്ഞു. മറ്റു കേസുകൾ ഒഴിപ്പിക്കാൻ കഴിയാതെ പോയത് ചില സാങ്കേതിക തടസ്സങ്ങൾ കൊണ്ടാണ്. അപ്പീലിനു പോകുകയോ, കോടതിയിൽ പോകുകയോ, ഡിപ്പാർട്ടുമെന്റിൽ അപ്പീലിനുപോകുകയോ ചെയ്യുന്നതിനെ തുടർന്നുള്ള തടസ്സങ്ങളാണ്. ഒഴിപ്പിക്കൽ നടപടിയുടെ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചയുമില്ലാത്ത നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കെ.സി.ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ ഉദ്യോഗസ്ഥൻമാർ ഏതെല്ലാം ഡിപ്പാർട്ട്മെന്റിൽ, ഏത് സ്ഥാനത്ത് ഇരിക്കുന്നവരായാലും വിവിധ സന്ദർഭങ്ങളിൽ അവർക്ക് സ്ഥലംമാറ്റം സംഭവിക്കാറുണ്ട്. ഇതൊന്നും ഒഴിപ്പിക്കൽ നടപടിയുടെ ഭാഗമാണെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഏത് ഗവൺമെന്റിന്റെ കാലത്തും ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുന്നുണ്ട്. അതെല്ലാം ഏതെങ്കിലും ശിക്ഷാനടപടിയുടെ ഭാഗമാണെന്ന്

പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ. അതു മാത്രമല്ല, ഇത്തരം കേസുകൾ സൂക്ഷ്മമായി പരിശോധിക്കാനും എവിടെയെങ്കിലും വീഴ്ചകൾ വരുന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ ക്രമീകരിക്കാനും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പരിശോധന വിധേയമാക്കേണ്ട സന്ദർഭങ്ങളിൽ പരിശോധിക്കാനും തയ്യാറാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് ഒരു ഉത്തരവുണ്ടായി. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ പോലെയുള്ള ആളുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് കേസുകൾ നടത്തിയ അവസരത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു, 'നിങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് ഉത്തമ ബോധ്യമുണ്ടെങ്കിൽ കെ.എൽ.സി. ആക്ട് അനുസരിച്ച് നടപടി എടുക്കുന്നതിനുള്ള നിർദ്ദേശം സ്വീകരിക്കാം. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അന്ന് എറണാകുളം ജില്ലാ കളക്ടറായിരുന്ന ശ്രീ. രാജമാണിക്യത്തെ അതിന്റെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പരിശോധന നടത്തുകയും, അഞ്ചു ജില്ലകളിൽ ഹാരിസൺ-ന്റെ കൈവശമുള്ള

ഭൂമിയെ സംബന്ധിച്ച റെക്കാർഡുകൾ പരിശോധിച്ച് കഴിഞ്ഞപ്പോൾ 38000-ൽ അധികം ഏക്കർ ഭൂമി അവർ അനധികൃതമായി കൈവശം വച്ചിരിക്കുന്നു എന്ന റിപ്പോർട്ട് വന്നിട്ടുണ്ട്. ആ റിപ്പോർട്ട് അങ്ങയുടെ കൈവശമാണ് കിട്ടിയിരിക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഉണ്ടാകേണ്ടതായിട്ടുണ്ടോ; മാത്രവുമല്ല, ശ്രീ. രാജമാണിക്യം സ്പെഷ്യൽ ഓഫീസർ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, ഒരു പുതിയ നിയമം തന്നെ കൊണ്ടുവന്ന് ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം എന്നാണ്. ആ നിയമത്തിന്റെ കരട് രൂപവും അങ്ങയുടെ കൈവശം തരുകയുണ്ടായി. നാളിതുവരെയും അതേക്കുറിച്ച് യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നു മാത്രമല്ല, ഹാരിസൺ പോലെയുള്ള മറ്റു കമ്പനികൾ റ്റി. ആർ & റ്റി കമ്പനി ഉൾപ്പെടെയുള്ള അനേകം ആളുകൾ അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുണ്ട്. അത്തരം ഭൂമി തിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഇതിനുമുമ്പും ഇതേ ചോദ്യം ഈ സഭാതലത്തിൽ ചോദിച്ചിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: അന്ന് ഉത്തരം ലഭിക്കാത്തതുകൊണ്ടാണ് വീണ്ടും

ചോദിക്കുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അന്ന് ഞാൻ അതിന് ഉത്തരം നൽകിയിട്ടുണ്ട്. ഇപ്പോഴും ആ ഉത്തരം ആവർത്തിച്ച് നൽകാൻ തയ്യാറാണ്. ഇതു സംബന്ധിച്ച് വളരെ കൃത്യമായ കാര്യം ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഇത്തരത്തിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചുപോരുന്ന തോട്ടം ഉടമകൾ ഉൾപ്പെടെയുള്ള ആളുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള നിയമം കുറച്ചുകൂടി ശക്തമാക്കിയെടുക്കാനുള്ള നടപടിയുടെ ഭാഗമായാണ് കേരള ലാന്റ് ഗ്രാബിംഗ് പ്രൊഹിബിഷൻ ആക്ട് നടപ്പാക്കാൻ ശ്രമിച്ചത്. അതിന്റെ നടപടികളുമായി മുന്നോട്ട് പോകുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, നേരത്തെ നിശ്ചയിച്ച സ്പെഷ്യൽ ഓഫീസറും അദ്ദേഹം നൽകിയ റിപ്പോർട്ടും ആ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിൽ കേസ് ഉള്ളതും ആ കേസ്സുമായി ബന്ധപ്പെട്ട് തീരുമാനം വരുന്നതുവരെ അക്കാര്യത്തിൽ തുടർ നടപടികളുമായി മുന്നോട്ട് പോകാൻ കഴിയാത്തതുമായ കാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞതാണ്. ആവർത്തിച്ച് ആ ചോദ്യം തന്നെയാണ് ചോദിച്ചിരിക്കുന്നുവെന്ന് പറയാനുള്ള കാരണം അതാണ്. ഇത്തരം ഭൂമി കൈവശം വച്ചിരിക്കുന്ന തോട്ടം ഉടമകൾ

ഉൾപ്പെടെയുള്ളവരിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വളരെ ശക്തമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഹാരിസൺസ് കമ്പനിക്കാർ 99 വർഷത്തെ പാട്ടം കരാർ  കാലാവധി കഴിഞ്ഞിട്ടുപോലും  അത് കൈവശം വയ്ക്കുക മാത്രമല്ല, 99 വർഷം മുമ്പ് ഏത് കുടുംബത്തിൽ നിന്നാണോ ഭൂമി ഏറ്റെടുത്തത്, അവരോട് ഞങ്ങൾ നോർമൽ റേറ്റ് തരാം, ഭൂമി ഞങ്ങൾക്ക് തരണമെന്ന് പറയുന്ന, ചില സംഭവങ്ങൾ വയനാട്ടിലും മറ്റ് പ്രദേശങ്ങളിലുമുണ്ട്. അങ്ങനെ അവർ കള്ളത്തരത്തിൽ ഭൂമി സ്വന്തമാക്കാൻ നോക്കി.  ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അത്തരം ഒരു നിലപാടുമായി ഹാരിസൺ മുന്നോട്ട് പോയാൽ സ്വാഭാവികമായും നിയമാനുസൃതമായി അത് സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള നിയമം ഉണ്ടാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഹാരിസൺ മാത്രമല്ല, ധാരാളം ആളുകൾ ഇത്തരത്തിൽ ഭൂമി കൈവശം വച്ച് മുന്നോട്ടു കൊണ്ടുപോകുകയാണ്. പാട്ടക്കാലവധി

കഴിഞ്ഞും, വ്യവസ്ഥകൾ ലംഘിച്ചും മുന്നോട്ട് പോകുന്ന ആളുകളുടെ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, 'കയ്യേറ്റം നടത്തിയിട്ടുള്ള ഭൂമി മുഴുവൻ തിരിച്ച് പിടിക്കുകയാണ് സർക്കാർ നയം' എന്ന് അങ്ങ് പറഞ്ഞു. എന്നാൽ ഇടുക്കി ജില്ലയിലെ കൊട്ടകാമ്പൂർ വില്ലേജിൽ ഇടുക്കി എം.പി.-യുടെ നേതൃത്വത്തിൽ നടന്നത് ഒരു കയ്യേറ്റമാണെന്ന് ദേവികുളം സബ്കളക്ടർ കണ്ടെത്തുകയും അതിൽ 20 ഏക്കർ ഭൂമിയുടെ പട്ടയം റദ്ദാക്കുകയും ചെയ്തു. ആ വാർത്ത പുറത്ത് വന്നതിനെത്തുടർന്ന് അങ്ങയുടെ മന്ത്രിസഭയിലെ അംഗങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ ദേവികുളം സബ്കളക്ടർക്കെതിരെ തിരിയുകയും അദ്ദേഹത്തിനെതിരെ ശകാരവർഷം ചൊരിയുകയും ചെയ്തു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ അവിടെ കയ്യേറ്റം നടന്നിട്ടില്ലെന്ന് പരസ്യമായി പറയുകയും ചെയ്തു. ഉദ്യോഗസ്ഥന്മാർ ഭൂമി തിരിച്ച് പിടിക്കാനുള്ള ശ്രമം നടത്തുമ്പോൾ അവരെ disown ചെയ്യുന്ന നടപടിയാണ് സർക്കാർ ഇതുവരെ ചെയ്തിട്ടുള്ളത്. എന്റെ ചോദ്യം, വമ്പന്മാരുടെ കയ്യേറ്റത്തെ സംരക്ഷിക്കുകയും ചെറുകിടക്കാരുടെ കയ്യേറ്റങ്ങൾ മാത്രം പിടിക്കുകയും ചെയ്യുക എന്നത് സർക്കാർ നയത്തിന്റെ ഭാഗമാണോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ അത്തരം ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഏതെങ്കിലും തരത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടിയുമായി മുന്നോട്ട് പോകുന്ന ഉദ്യോഗസ്ഥന്മാരെ നിരായുധരാക്കുകയോ, അവരെ ഏതെങ്കിലും തരത്തിൽ അവിടെനിന്ന് ശിക്ഷ നൽകി അയയ്ക്കുകയോ ചെയ്യുന്ന നടപടി സ്വീകരിച്ചിട്ടില്ല. ഇവിടെ പ്രധാനപ്പെട്ട വിഷയം, ഞാൻ തന്നെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞുവെന്ന് സൂചിപ്പിക്കുകയുണ്ടായി. കുറിഞ്ഞി സാങ്ച്വറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഈ പറയുന്ന പ്രദേശങ്ങൾ സന്ദർശിക്കുന്ന സമയത്ത് അവിടെനിന്നുമുള്ള വാർത്താ മാധ്യമങ്ങളുടെ പ്രതിനിധികൾ ചോദിച്ചപ്പോൾ ഒരു കാര്യം ഞാൻ പറഞ്ഞത് ശരിയാണ്. വ്യക്തമായി ഒരു പ്രത്യേകമായ ആളിന്റെ പേരിൽ, എന്നു പറഞ്ഞാൽ അവിടത്തെ എം.പി. കയ്യേറ്റക്കാരനാണെന്ന രീതിയിൽ പറഞ്ഞപ്പോൾ ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. 'അദ്ദേഹം ഭൂമി കയ്യേറി എന്നുപറയുന്നത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ വർഷങ്ങൾക്ക് മുമ്പ് മറ്റ് ചിലരുടെ പേരിൽ ഉണ്ടായിരുന്ന ഭൂമി, ഇദ്ദേഹത്തിന്റെ മുൻതലമുറയിൽപ്പെട്ട ആളുകൾ വിലയ്ക്ക് വാങ്ങുകയും അത് പരമ്പരാഗത അവകാശി എന്ന രീതിയിൽ പലർക്കും

വീതിച്ച് കൊടുക്കുകയും ചെയ്യും. അത് എം.പി.-ക്ക് മാത്രമല്ല, എം.പി.-യുടെ സഹോദരന്മാർ ഉൾപ്പെടെ എല്ലാവർക്കും കൊടുത്തതാണ്. അതിൽ ഏതെങ്കിലും നിയമപരമായ തടസ്സമോ, അന്യായമായ നടപടിയോ ഉണ്ടെങ്കിൽ അത് പരിശോധിക്കേണ്ടത് വേറെയാണ്. കയ്യേറ്റമാണെന്ന രീതിലുള്ള വ്യാഖ്യാനത്തോട് യോജിപ്പില്ലെന്ന് ഞാൻ പറഞ്ഞത് ശരിയാണ്.

ശ്രീ. വി. ഡി. സതീശൻ: എന്ത് രേഖയുടെ അടിസ്ഥാനത്തിലാണ് ഭൂമി കയ്യേറിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: എം.പി. ഭൂമി കയ്യേറിയിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എസ്. ശർമ്മ: സർ, നേരത്തെ കൃഷിയോഗ്യമായിരുന്ന ഭൂമി, ഭൂ മാഫിയയ്ക്ക് തിരിമറി ചെയ്യുന്നതിനും നികത്തുന്നതിനും ഒക്കെയായി കൊടുത്തതായിരുന്നു മെത്രാൻ കായൽ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെത്രാൻ കായൽ തിരിച്ചുപിടിക്കുകയും അത് കൃഷിയോഗ്യമായ സ്ഥലമാണെന്ന് സ്ഥാപിക്കുകയും ബഹുമാന്യരായ മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്തുകൊണ്ട് അവിടെ വിത്ത് വിതയ്ക്കുകയും കൃഷി നടത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. എറണാകുളം ജില്ലയിൽ പറവൂർ മണ്ഡലത്തിൽ പുത്തൻവേലിക്കര

വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്ത് കുപ്രസിദ്ധനായ സന്തോഷ് മാധവന്റെ പേരിൽ ഉണ്ടായിരുന്ന, അനധികൃത ഭൂമി, അനധികൃതമായി കൈവശം വയ്ക്കാൻ കൊടുത്ത ഭൂമി, ഈ ഗവൺമെന്റ് വന്നതിനുശേഷം തിരിച്ച് പിടിച്ചിരുന്നു. അത്തരത്തിൽ തിരിച്ച് പിടിച്ച ഭൂമി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഒരിക്കലും പാടില്ലാത്ത വിധം ഇത്തരം ഭൂമി സന്തോഷ് മാധവനെ ഏൽപ്പിച്ച് കൊടുത്തതെന്ന് എല്ലാവർക്കുമറിയാം. ആ ഭൂമി തിരിച്ചെടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയും തിരിച്ചെടുത്ത് സർക്കാരിന്റെ കൈവശമുള്ളതുമായ ഭൂമി സർക്കാരിന്റെ ന്യായമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള തീരുമാനമാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി വളരെ നിരുത്തരവാദപരവും നിരാശാജനകവുമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ....(ബഹളം)..... അങ്ങയുടെ സബ്കളക്ടർ പ്രേം കുമാർ, 2017 നവംബർ മാസത്തിൽ ഇടുക്കി എം.പി. ജോയ്സ് ജോർജ്ജിന്റെയും കുടുംബത്തിന്റെയും

പട്ടയം വ്യാജമാണെന്ന് കണ്ടെത്തി റദ്ദാക്കി. ആ റദ്ദാക്കിയ പട്ടയം ശരിയാണെന്നാണോ അങ്ങ് പറയുന്നത്. ഇക്കാര്യം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരത്തിലെ അടിസ്ഥാനപരമായ പിശക് ഞാൻ പറയാം. ശ്രീമതി നിവേദിത പി. ഹരൻ, റവന്യൂ സെക്രട്ടറി, ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരുടെ റിപ്പോർട്ടുകളിൽ കയ്യേറ്റമാണെന്നാണ് പറയുന്നത്. 9 ആദിവാസികൾ അവർ ജനിക്കുന്നതിനുമുമ്പ് അവരുടെ സ്ഥലം കൈവശപ്പെടുത്തിയെന്നാണ് കേസ്. പ്രേം കുമാർ റദ്ദാക്കിയ പട്ടയം കളക്ടർ തീരുമാനമെടുക്കാതെ വച്ചിരിക്കുകയാണ്. ഇപ്പോൾ മൂന്നാർ ഡിവൈ.എസ്.പി. അഭിലാഷ് ഇതിനെയെല്ലാം വെള്ള പൂശുന്ന ഒരു റിപ്പോർട്ട് കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സത്യസന്ധമായ ഒരു ഇടപെടൽ നടത്താൻ അങ്ങ് തയ്യാറുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ പറഞ്ഞ രീതിയിൽത്തന്നെ എടുക്കണം. ചോദ്യത്തിനാണ് ഉത്തരം. എം.പി. ഭൂമി കയ്യേറിയിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. അതിപ്പോഴും ശരിയാണ്. എന്നാൽ ഒരു കാര്യം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു, അദ്ദേഹത്തിന്റെ മുൻ തലമുറക്കാർ ആരിൽനിന്നെങ്കിലും ഭൂമി വാങ്ങുകയും കൈവശം വയ്ക്കുകയും പിന്തുടർച്ചക്കാരെന്ന

നിലയിൽ അതിന്റെ അവകാശം കൈമാറുകയും ചെയ്തതാണെങ്കിൽപ്പോലും ആ നടപടിയുമായി ബന്ധപ്പെട്ട് നിലവിലിരിക്കുന്ന കേസും സബ് കളക്ടറുടെ നടപടിയും കളക്ടറുടെ മുമ്പാകെയിരിക്കുന്ന അപ്പീലുമെല്ലാം നിലനിൽക്കുകയാണ്. ഞാൻ പറഞ്ഞ കാര്യം, എം. പി. ഭൂമി കയ്യേറിയിട്ടില്ലെന്നാണ്. അത് എന്തിനാണ് വ്യാഖ്യാനിക്കുന്നത്...... (ബഹളം) എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം; എം.പി. ആയതിനുശേഷം ചെയ്തിട്ടില്ല. .... (ബഹളം) നിങ്ങളൊക്കെ സന്തോഷ് മാധവനുവേണ്ടി നിന്ന ആളുകളാണ്. .. (ബഹളം)... എന്നിട്ട് വലിയ വർത്തമാനം പറയുകയാണ്. .. (ബഹളം) എം. പി. ഭൂമി കയ്യേറിയിട്ടില്ല. അതുകൊണ്ട് ആ കേസ്സിൽ നിലവിലിരിക്കുന്ന സാഹചര്യം തുടരുകയാണ്. .. (ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്... ദയവായി ഇരിക്കൂ.. പ്ലീസ്. മന്ത്രി എന്ത് ഉത്തരം പറയണമെന്ന് ചെയറിന് പറയാൻ പറ്റുമോ; പ്ലീസ്.. മന്ത്രി പറയുന്നത് മന്ത്രിയുടെ ഉത്തരമാണ്. ചെയറിന്റെ ഉത്തരമല്ല. പ്ലീസ്.. ഇരിക്കൂ. ഇനിയുള്ളത് അടുത്ത ഉപചോദ്യത്തിൽ ചോദിച്ചോളൂ. .. (ബഹളം)

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, ഇടുക്കി എം.പി. ശ്രീ. ജോയ്സ് ജോർജ്ജുമായി ബന്ധപ്പെട്ട ഭൂമി ഇടപാട് കേസ് ഹൈക്കോടതിയിൽ ഇപ്പോൾ നടക്കുകയാണ്. കോടതിയിൽ നിലനിൽക്കുന്ന, കോടതി പരിശോധിക്കുന്ന ഒരു കാര്യത്തിൽ ഇവിടെ ബഹുമാനപ്പെട്ട റവന്യൂ

വകുപ്പുമന്ത്രി ജോയ്സ് ജോർജ് എം.പി. ഭൂമി കയ്യേറിയിട്ടില്ല എന്നുപറയുന്നത് ഓർഡറിൽ ആണോ; ഇത് ശരിയായ നടപടിയാണോ? .. (ബഹളം) മന്ത്രിക്ക് എന്ത് അവകാശം; മന്ത്രി എങ്ങനെ ഇതവകാശപ്പെടുന്നു; മന്ത്രി എന്തിന് അദ്ദേഹത്തെ വെള്ളപൂശാൻ ശ്രമിക്കുന്നു? അത് വളരെ നിരാശാജനകമായ കാര്യമാണ്. .. (ബഹളം)

മി. സ്പീക്കർ: പ്ലീസ്. പ്ലീസ്... മന്ത്രിയുടെ കയ്യിൽ ലഭ്യമായ കാര്യങ്ങൾ വച്ചാണ് അദ്ദേഹം മറുപടി പറയുന്നത്. അദ്ദേഹത്തിന് എന്ത് മറുപടി പറയണമെന്ന് നിർദ്ദേശം നൽകാൻ നിർവ്വാഹമില്ല. കോടതിയിൽനിന്ന് തീരുമാനമുണ്ടാകട്ടെ.. പ്ലീസ്. .. (ബഹളം) പ്ലീസ്... ദയവായി ഇരിക്കൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ ഒരു എം.പി.-യെ കയ്യേറ്റക്കാരനായി ബോധപൂർവ്വം ചിത്രീകരിക്കുന്ന നിലയാണ് വരുന്നത്. ഇത് പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. അദ്ദേഹം ഭൂമി കയ്യേറിയിട്ടില്ല. അതാണ് റവന്യൂ മന്ത്രിയും വ്യക്തമാക്കിയത്. സർക്കാരിന്റെ നിലപാട് ഇതാണ്. രാഷ്ട്രീയമായി ദുരാരോപണം ഉന്നയിക്കുന്ന ഒരു നിലയാണ് പ്രതിപക്ഷം ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. .. (ബഹളം)

മി. സ്പീക്കർ: സർക്കാരിന് ലഭ്യമായ വിവരങ്ങൾ വച്ചിട്ടല്ലേ സർക്കാർ മറുപടി പറയുന്നത്; സർക്കാരിന്റെ പൊസിഷനാണ് പറയുന്നത്. സർക്കാരിന്റെ കയ്യിൽ ലഭ്യമായ വിവരവും സർക്കാരിന്റെ നിലപാടുമാണ് പറയുന്നത്.

എന്തുപറയണമെന്ന് നിർബന്ധിക്കാൻ സാധിക്കുമോ? പ്ലീസ്. ഇരിക്കൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കേരളത്തിൽ ലാൻഡ് ബോർഡ് രൂപീകൃതമായ കാലംമുതൽ ഏകദേശം 40 വർഷമായി ലാൻഡ് ബോർഡ് ഏറ്റെടുത്തിട്ടുള്ള ഭൂമികളുണ്ട്. ഭൂമി ലാന്റ് ബോർഡ് ഏറ്റെടുത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ആ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾ കോടതിയെ സമീപിക്കുന്ന രീതിയാണ് കാലാകാലങ്ങളായി നടന്നുവരുന്നത്. ബന്ധപ്പെട്ട ഒരു കോടതിയിൽനിന്ന് അവർക്കെതിരായ ഉത്തരവ് വന്നുകഴിഞ്ഞാൽ അവർ ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമൊക്കെ അപ്പീൽ പോകും. ഈ പതിവ് ഏകദേശം 40 വർഷമായി നടക്കുകയാണ്. ഇത് അവസാനിപ്പിച്ചുകൊണ്ട് കോടതി കേസുകൾ വളരെ വേഗത്തിൽ തീർപ്പാക്കി ലാൻഡ് ബോർഡ് ഏറ്റെടുത്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു ഇടപെടൽ നടത്തുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ വിഷയത്തിൽ സർക്കാർ നല്ല ഇടപെടൽ നടത്തിയിരിക്കുകയാണ്. ലാൻഡ് ബോർഡുകൾ എന്നുപറയുന്നത് ക്വാസി ജ്യുഡീഷ്യൽ ബോഡിയാണ്. അവരുടെ അധികാരം ഉപയോഗിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുകഴിഞ്ഞാൽ അതിൽ താലൂക്ക് ലാന്റ് ബോർഡിന്റെ തീരുമാനത്തിന് പിന്നീട് അപ്പീൽ നൽകുന്നത് ഹൈക്കോടതിയിൽ

മാത്രമാണ്. അത്തരം കേസുകളുമായി ഹൈക്കോടതിയിൽ പോയാൽ ഒരുപാട് കാലം അത് നീണ്ടുപോകുന്നുവെന്നുള്ളത് സത്യമാണ്. അവിടെ തീർപ്പാക്കി റിമാന്റ് ചെയ്ത് താലൂക്ക് ലാൻഡ് ബോർഡിലെത്തിയ അത്തരം കേസുകൾ ഹൈക്കോടതി വിധി വന്നാലും ചിലപ്പോൾ സുപ്രീം കോടതിയിലും പോകുകയാണ്. അങ്ങനെയുള്ള കെട്ടിക്കിടക്കുന്ന കേസുകളുടെ കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിന് കഴിയാവുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നു. കൂടാതെ ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അതിവേഗതയിൽ നടത്താൻ സാധാരണഗതിയിൽ സ്റ്റേറ്റ് ലാൻഡ് ബോർഡിന് അക്കാര്യത്തിൽ പൊതുവായ നിർദ്ദേശം നൽകാനും അവർക്ക് അത്യാവശ്യം വേണ്ടുന്ന കാര്യങ്ങളിൽ ഉപദേശ-നിർദ്ദേശങ്ങൾ നൽകാനുള്ള അധികാരമുപയോഗിച്ച് ആ കാര്യങ്ങൾകൂടി നിർവ്വഹിക്കാനാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1970-ന് ശേഷം 48 വർഷം പിന്നിട്ടിട്ടും ഇത്തരം കേസുകൾ ലാൻഡ് ബോർഡുകളിലും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉൾപ്പെടെ കെട്ടിക്കിടക്കുന്നുവെന്ന് പറയുന്നത് വസ്തുതയാണ്. അത് കഴിയുന്നത്ര വേഗതയിൽ തീർപ്പാക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ 1477 കേസുകൾ ഈ ഗവൺമെന്റ് വന്നിട്ട് ഉണ്ടായിട്ടുണ്ടെന്നും അതിൽ 605 കേസുകൾ ഒഴിപ്പിക്കുകവഴി 197 ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചുവെന്നും പറയുന്നുണ്ട്. ആകെ

ഈ സംസ്ഥാനത്തിന് അവകാശപ്പെട്ട എത്ര ഏക്കർ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഗവൺമെന്റിന്റെ കൈവശം കണക്കുണ്ടോ; ആ കണക്കൊന്നും ഇവിടെ നൽകിയ ഉത്തരത്തിൽ കാണുന്നില്ല. അതുപോലെതന്നെ വയനാട് സംഭവത്തിൽ സബ് കളക്ടറെ സ്ഥലം മാറ്റിയതും അവിടത്തെ സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറിയെ .... (ബഹളം) മാറ്റിയ സംഭവത്തിൽ വയനാട്ടിൽ പ്രഥമദൃഷ്ട്യാ ഭൂമിത്തട്ടിപ്പിന് ശ്രമമുണ്ടായിയെന്ന നിഗമനത്തിലാണോ ഇത് ചെയ്തതെന്നാണ് എന്റെ ചോദ്യം. ജില്ലാ സെക്രട്ടറിയെ മാറ്റി ശ്രീ. കെ. രാജനെ സെക്രട്ടറിയാക്കിയതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ശ്രീ. കെ. രാജനെ ഞാൻ അഭിനന്ദിക്കുകയാണ്. ... (ബഹളം)..

<u>മി. സ്പീക്കർ</u>: പ്ലീസ്.. അങ്ങ് ഇരിക്കു.. മിനിസ്റ്റർ മറുപടി പറയട്ടെ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഈയൊരു നിഗമനത്തിന്റെ അടിസ്ഥാനത്തിലല്ലേ... (മൈക്ക് ഓഫ്)

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ച ചോദ്യത്തിന് ഡെപ്യൂട്ടി കളക്ടറെ സസ്പെന്റ് ചെയ്തതും അന്വേഷണം ഏർപ്പെടുത്തിയതും അതുപോലെതന്നെ റവന്യൂ കമ്മീഷണർ ഉൾപ്പെടെയുള്ളവർ അന്വേഷണം നടത്താൻ പോകുന്നതും വിജിലൻസ് അന്വേഷണമുൾപ്പെടെ സ്വീകരിച്ച എല്ലാ കാര്യങ്ങളും ഇന്നലെ ഈ സഭയിൽ നടന്ന കാര്യങ്ങളാണ്. രാഷ്ട്രീയമായ കാര്യങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ

ആലോചിച്ചെടുക്കുന്ന തീരുമാനങ്ങൾ വേറെയാണ്. പക്ഷെ ഒരു കാര്യമുണ്ട്, അതിൽ ഒരു സംശയവും വേണ്ടാതെ പറയുകയാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട ആരോപണവിധേയരായ ആളുകൾ വരുമ്പോൾ സ്വാഭാവികമായും അത്തരമൊരു സാഹചര്യത്തിൽ അവർ മാറിനിൽക്കുന്നത് നല്ലതാണെന്ന വളരെ ഉറച്ച അഭിപ്രായം കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളതുകൊണ്ടാണ് ആ നിലപാട് സ്വീകരിച്ചത്. അതിന്റെ അർത്ഥം ഇതൊക്കെ ചെയ്യാൻ ആരെങ്കിലും കൂട്ടുനിന്നുവെന്നല്ല. പരിശോധനാവിധേയമാക്കേണ്ട കാര്യമാണ് എന്നുള്ളതുകൊണ്ട് പരിശോധിക്കുന്ന സാഹചര്യത്തിൽ മാറിനിൽക്കേണ്ടതാവശ്യമാണെന്ന ഉത്തമബോധ്യത്തിൽ എടുത്ത തീരുമാനമാണ്.

<u>മലബാർ പ്രദേശത്തെ ദേശീയപാത വികസനം</u>

(*662) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. സി. മമ്മൂട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ജനങ്ങൾ ഏറെ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാതയുടെ പുതിയ അലൈൻമെന്റ് അശാസ്ത്രീയമാണെന്ന

ആക്ഷേപം പരിശോധിക്കുമോ;

(സി) കൊച്ചി മെട്രോയ്ക്ക് സ്ഥലം ഏറ്റെടുത്തപ്പോൾ നഷ്ടപരിഹാരം നൽകിയ രീതിയിൽ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ;

(ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കകളും പരാതികളും അടിയന്തരമായി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ചിലർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി മലബാർ പ്രദേശത്ത് സ്ഥലം ഏറ്റെടുക്കുന്നതിൽ ചിലർക്ക് ആശങ്കയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 17 (പുതിയ എൻ.എച്ച്. 66) നാലുവരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർ ജനപ്രതിനിധികളുടെയും ഭൂമി ഏറ്റെടുക്കേണ്ട സ്ഥലത്തെ ഭൂവുടമകളുടെയും ചർച്ചകൾ പലതവണ നടത്തിയിരുന്നു. 2018-ൽത്തന്നെ മൂന്നുതവണ ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം, പ്രശ്നം പരിഹരിക്കാൻ കോട്ടക്കലിൽ വച്ച് ഡെപ്യൂട്ടി കളക്ടർ എൽ.എ., എൻ.എച്ച്. മലപ്പുറം, മലപ്പുറത്തെ എല്ലാ പഞ്ചായത്ത് അധികാരികളുമായും ചർച്ച നടത്തിയിരുന്നു.

(ബി) എൻ.എച്ച്.എ.ഐ. തയ്യാറാക്കിയ അലൈൻമെന്റ് സംബന്ധിച്ച്

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുമായി നടത്തിയ യോഗത്തിലുണ്ടായ നിർദ്ദേശവും അഭിപ്രായവും മാനിച്ചാണ് മലപ്പുറം ജില്ലയിലെ ദേശീയപാത 17 നാലുവരിപ്പാതയാക്കുന്നതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയത്. ടെക്നിക്കൽ പാരമീറ്ററുകൾ കണക്കിലെടുത്ത് ശാസ്ത്രീയമായ പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചതാണ്. മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച അലൈൻമെന്റിൽ വലിയ മാറ്റങ്ങളൊന്നും ഈ സർക്കാർ വരുത്തിയിട്ടില്ല. പള്ളിയും ക്ഷേത്രങ്ങളും ഉൾപ്പെടുന്ന ഭാഗങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ അശാസ്ത്രീയമായ ഒന്നും ഇതിൽ ഉണ്ടായിട്ടില്ല.

(സി) 2013-ൽ പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ ആക്ട് പ്രകാരമാണ് ഭൂമി നഷ്ടപ്പെട്ട ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. LARR 2013 പ്രകാരം രേഖപ്രകാരമുള്ള കമ്പോളവിലയെ അർബൻ മേഖലയിൽനിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ രണ്ടുവരെയുള്ള ഗുണന ഘടകംകൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയും അതിന്റെ 100 ശതമാനം സോലേഷ്യവും കൂട്ടിയാണ് ഭൂമിയുടെ വില കണക്കാക്കുന്നത്. ഗുണന ഘടകം രണ്ടുവരുന്ന ഭാഗങ്ങളിൽ ഇതനുസരിച്ച് മൂന്നിരട്ടിവരെ വില ലഭിക്കുന്നതാണ്. ഇതിനുപുറമേ 3 എ വിജ്ഞാപനം ഇറങ്ങിയതിനുശേഷം കൈവശാവകാശം മാറി

നൽകുന്നതുവരെയോ, പണം കൈപ്പറ്റുന്നതുവരെയോ (ഏതാണോ ആദ്യം അതുവരെ) 12 ശതമാനം പലിശയും അധികമായി നൽകുന്നുണ്ട്. കെട്ടിടം ഉൾപ്പെടെയുള്ള ചമയങ്ങൾക്ക് അതിന്റെ വിലയും കണക്കാക്കി നൽകുന്നതാണ്.

(ഡി) ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽവന്ന പുതിയ എൽ.എ. ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും എങ്കിലും ആശങ്കകൾ പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടം നേരിട്ട് ഭൂവുടമകളുമായി ചർച്ച ചെയ്യുന്നുണ്ട്. അവരുടെ യോഗം പഞ്ചായത്തുതലത്തിൽ വിളിച്ചുചേർക്കുന്നുണ്ട്. നഷ്ടപരിഹാരത്തെക്കുറിച്ചും അലൈൻമെന്റ് സംബന്ധിച്ചും വിശദീകരണം നൽകുന്നുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സാധ്യമായതെല്ലാം ഈ സർക്കാർ ചെയ്യുന്നുണ്ട്. 03-04-2018-ന് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥതല യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച സബ്മിഷന്റെ മറുപടിയിൽ പറഞ്ഞതനുസരിച്ച് ഔദ്യോഗിക രാഷ്ട്രീയ കക്ഷികളുടെ സംയുക്ത യോഗവും ചേരുന്നതാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇതുമായി

ബന്ധപ്പെട്ടുകൊണ്ട് നേരത്തെ ഞാൻ സഭയിൽ കൊണ്ടുവന്ന കോളിംഗ് അറ്റൻഷനും അതിനുശേഷം ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിനും മറുപടിയായി പറഞ്ഞ കാര്യങ്ങളിൽനിന്നും ഒട്ടും വ്യത്യാസമല്ലാതെയാണ് ഇവിടെയും മറുപടി നൽകിയിരിക്കുന്നത്. ഒരു കളവ് പല തവണ പറഞ്ഞാൽ സത്യമാക്കാമെന്ന് പറഞ്ഞ ഗീബൽസ്യൻ സിദ്ധാന്തമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത്. ഈ ഉത്തരത്തിന്റെ (എ) പിരിവിലും (ബി) പിരിവിലും പറഞ്ഞ കാര്യങ്ങൾ നൂറ് ശതമാനവും ശരിയല്ല. ഭൂ ഉടമകളുമായി ചർച്ച ചെയ്തുവെന്ന് പറഞ്ഞാൽ പിന്നെയൊരു പ്രശ്നമുണ്ടാകുന്നില്ല. അങ്ങനെ ഒരു ചർച്ചയും ഉണ്ടായിട്ടില്ല. മാത്രവുമല്ല, 3-ാം തീയതി വരെയും ഭൂഉടമകൾക്ക് പരാതി നല്കാനുള്ള സമയമായിരുന്നു. പക്ഷേ ആ പരാതി പരിശോധിക്കുന്നതിനു രണ്ടാഴ്ച മുമ്പു തന്നെ സർവ്വേ നടത്തുകയും നേരത്തെയുള്ള അലൈൻമെന്റിൽ നിന്ന് മാറ്റം വരുത്തി പള്ളിയും മദ്രസ്സയും അമ്പലവും എല്ലാം പോകുന്ന രീതിയിലുള്ള കല്ലുകൾ ഇപ്പോൾ നാട്ടിയിരിക്കുകയാണ്. ഇതിൽ പറഞ്ഞിട്ടുള്ള ഉത്തരങ്ങൾ മുഴുവൻ ശരിയല്ല, അതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ചിലർക്ക് അവിടെ ആശങ്കയുണ്ടെന്ന് ഞാൻ

പറഞ്ഞു. ഇക്കാര്യം ജില്ലയിൽ നിന്നുള്ള ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലും എം.എൽ.എ.-മാരും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇവിടെ ഞാൻ പറയുന്നതെല്ലാം കളവാണ് എന്നാണ് ചോദ്യോത്തരവേളയിൽ മുൻമന്ത്രി കൂടിയായ ബഹുമാനപ്പെട്ട അദ്ദേഹം പറയുന്നത്. അതിനൊന്നും ഞാൻ മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള രേഖപ്രകാരമാണ് പറയുന്നത്. എന്തെങ്കിലും സ്വയം വിമർശനം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ, ഇല്ല എന്ന് ഞാൻ തെളിയിച്ച് തരാം. ഇക്കാര്യം അടിയന്തരപ്രമേയത്തിലും സബ്മിഷനിലും പറഞ്ഞതാണ്. 2013-ൽ അദ്ദേഹത്തിന്റെ ഗവൺമെന്റ് ഭരിക്കുമ്പോൾ മലപ്പുറം ജില്ലയിൽ എൻ. എച്ച്. വികസനത്തിന് 3(എ) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അദ്ദേഹം അന്ന് മന്ത്രിയായിരുന്നു. എന്തുകൊണ്ട് ആ അലൈൻമെന്റ് അന്ന് അംഗീകരിച്ചില്ല; നിങ്ങളല്ലേ കുഴപ്പത്തിലാക്കിയത്; നിങ്ങൾ പരാതിക്കാരുടെ കൂടെ നിന്ന് ഗവൺമെന്റ് നയം അട്ടിമറിക്കുകയല്ലായിരുന്നോ; ഇതിന് സമാധാനം പറയണം. 2013-ൽ തന്നെ മലപ്പുറം ജില്ലയിൽ എൻ. എച്ച്. വികസനത്തിന് 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. അന്നത് നടന്നിരുന്നെങ്കിൽ എൻ.എച്ച്. നിങ്ങൾക്ക് ഉത്ഘാടനം ചെയ്യാമായിരുന്നല്ലോ; ഞങ്ങൾക്ക്

അതിലൊന്നും വിരോധമില്ലല്ലോ; നിങ്ങൾ സർവ്വെ ആരംഭിച്ചു. ആരോ എതിർത്തു, തുടർന്ന് സർവ്വെ നിർത്തിവച്ചു. അതുപോലെ ഞങ്ങൾ നിർത്തി വയ്ക്കണമെന്നാണോ; അങ്ങനെ നിങ്ങൾ നിർത്തി വച്ചതുകൊണ്ട് സാങ്കേതികമായി ഡിനോവയായി. നിങ്ങൾ ഡിനോവയാക്കി. ഞാൻ ബഹുമാനത്തോടുകൂടിതന്നെ പറയുന്നു, കള്ളമെന്ന് പറഞ്ഞാൽ ഞാൻ തിരിച്ച് ഒന്നും പറയുന്നില്ല. പക്ഷേ നിങ്ങൾ ഒരു ചെറുവിരൽ അനക്കിയോ, എന്തുകൊണ്ട് ആ തടസ്സങ്ങൾ...... നിങ്ങളുടെ നാടാണ്, അന്ന് മിക്കവാറും എല്ലാവരും നിങ്ങളുടെ എം.എൽ.എ. മാരായിരുന്നു. നിങ്ങൾക്ക് അവരുമായിട്ട് സംസാരിച്ച് പ്രശ്നം തീർക്കാമായിരുന്നില്ലേ; ബഹുമാനപ്പെട്ട ഇബ്രാഹിം സാഹിബിന് തർക്കമൊന്നും പറയാൻ ഇടയില്ല, കാരണം കൊച്ചിയല്ലല്ലോ അത് മലപ്പുറമല്ലേ, അദ്ദേഹത്തിന് അവിടുത്തെ ആളുകൾ പറയുന്നതല്ലേ കേൾക്കേണ്ടത്. ഇത് ഡിനോവയാക്കിയതിനു ശേഷം വീണ്ടും 3(എ) നോട്ടിഫിക്കേഷനിറക്കി സർവെ നടത്തി. ആകെ 8.50 കിലോമീറ്ററേയുള്ളൂ പ്രശ്നം, ബാക്കി പ്രശ്നം മുഴുവൻ തീർന്നിരിക്കുകയാണ്. ആ 8.50 കിലോമീറ്ററിനകത്ത് ഒരു അമ്പലവും രണ്ടു പള്ളിയും ഒരു ഖബർസ്ഥാനുമുണ്ട്. ദേശീയ പാത നാലുവരി

ആക്കേണ്ടതില്ലായെന്നാണെങ്കിൽ അത് പറഞ്ഞാൽ മതി. കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതുപോലെ ദേശീയ പാത അതോറിറ്റി അധികാരികളും ജില്ലകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരും റവന്യൂ ഉദ്യോഗസ്ഥരുമായി ഞാനിന്നലെ ചർച്ച നടത്തി ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. പൊളിറ്റിക്കൽ പാർട്ടീസിനെ ചർച്ചയ്ക്ക് വിളിക്കുമെന്ന് ഞാൻ അസംബ്ലിയിൽ ഉറപ്പുനൽകിയിട്ടുണ്ട്. കളക്ടറോട് വീണ്ടും പരാതി നൽകിയത് കേൾക്കാൻ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ചെയ്യുന്ന ഒരു ഗവൺമെന്റ് പറയുന്നതെല്ലാം കള്ളമാണെന്ന് പറയുന്നത് ദേശീയ പാതവികസനം വേണ്ട എന്നുള്ളതല്ലേ? വയൽക്കിളികൾ പറയുന്നത് ഞങ്ങൾക്ക് 30 മീറ്റർ മതിയെന്നാണ്. അത് പാടില്ല, മുസ്ലീംലീഗിന്റെ നയം അതല്ലല്ലോ? വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ 30 മീറ്റർ ആക്കി തീരുമാനിച്ചതല്ലേ? ഞങ്ങൾ ഡൾഹിയിൽ കൊണ്ടുപോയി കൊടുത്തതല്ലേ; ആദ്യമത് പാടില്ലായെന്ന് പറഞ്ഞത് മുസ്ലിംലീഗാണ്. ഞങ്ങളുൾപ്പെടെ എല്ലാ പൊളിറ്റിക്കൽ പാർട്ടിസും ചേർന്ന് 45 മീറ്റർ വേണമെന്ന് പറഞ്ഞു. നിങ്ങൾ അത് പണിഞ്ഞതുമില്ല, പണിയാനുള്ള നോട്ടിഫിക്കേഷൻ ഡിനോവയാക്കി ഇപ്പോൾ അത് പണിയാൻ തീരുമാനിക്കുമ്പോൾ എല്ലാവരുമായി ആലോചിച്ച് പല യോഗങ്ങൾ നടത്തി. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് യോഗങ്ങൾ

നടത്തി ആളുകളുമായി സംസാരിച്ചു. ഇതെല്ലാം കളവാണെന്ന് പറഞ്ഞാൽ അത് തെളിയിക്കേണ്ടി വരും. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടേയിരിക്കുകയാണ് എന്തെങ്കിലും അന്യായം ഉണ്ടെങ്കിൽ ഇല്ലാതാക്കും. മൂന്ന് ആരാധനാലയങ്ങളും അവർ മാറ്റി സ്ഥാപിക്കാൻ തയ്യാറുണ്ടെങ്കിൽ ആ അലൈൻമെന്റ് പഴയതുപോലെയാക്കാം. അവിടെ മാത്രമാണ് വ്യത്യാസം വന്നത്. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങേക്ക് വേണമെങ്കിൽ ഒരു കമ്മീഷനെ വച്ച് അന്വേഷിക്കാം. ഈ ഗവൺമെന്റിന് യാതൊരു പ്രശ്നവുമില്ല. നാലുവരിയാക്കണമെന്ന് ആഗ്രഹം മാത്രമേയുള്ളൂ.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഭൂ ഉടമകളുമായി ഇതുവരെ ചർച്ച ചെയ്തിട്ടില്ല അതിൽ ഞാൻ ഉറച്ച് നിൽക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർവ്വെ നിർത്തി വയ്പിച്ചു എന്നുപറഞ്ഞു. അന്ന് ഉണ്ടായിരുന്ന അലൈൻമെന്റിന്റെ അടുത്തൊന്നും എത്തുന്നില്ല ഇന്നത്തെ അലൈൻമെന്റ്, മുഴുവൻ മാറ്റിയിരിക്കുകയാണ്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയെ ബോധ്യപ്പെടുത്താൻ തയ്യാറാണ്. ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ എം.എൽ.എ.-മാരുടെ യോഗം

വിളിക്കണമെന്ന് അതുകൊണ്ടാണ് ഞാൻ ആവശ്യപ്പെട്ടത്. ഉദ്യോഗസ്ഥന്മാരെ മാത്രം വിളിച്ച് ചർച്ച ചെയ്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല, ബന്ധപ്പെട്ട എം. എൽ. എ. മാരെയും കൂടി യോഗം വിളിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. സ്പീക്കർ: സർവ്വകക്ഷിയോഗം വിളിക്കാമെന്ന് അദ്ദേഹം പറഞ്ഞല്ലോ.

ശ്രീ. പി. കെ. അബ്ദു റബ്ബ്: അത് മതി.

ശ്രീ. ജി. സുധാകരൻ: ആ പ്രദേശത്തെ എം. എൽ. എ. മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ഒക്കെ യോഗം വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ദേശീയപാത വികസനത്തിന് അവിടെയുള്ള ജനപ്രതിനിധികളാരും എതിരല്ല. അതുമായി ബന്ധപ്പെട്ടുകൊണ്ട് മുന്നോട്ടുപോകും. ഇവിടെ പ്രായാസം, നിലവിലുള്ള അലൈൻമെന്റ് ദേശീയപാതയിൽ നിന്ന് വ്യത്യസ്തമായി പുതിയ അലൈൻമെന്റ് ഉണ്ടാക്കിയതുകൊണ്ടാണെന്ന് എല്ലാപേരും സൂചിപ്പിച്ചു. അങ്ങും ഇവിടെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ കുറ്റിപ്പുറം മുതൽ വാളാഞ്ചേരിവരെയുള്ള പ്രദേശങ്ങളിൽ, ആദ്യം സർവ്വെ നടന്ന സ്ഥലത്ത്

പള്ളിയും അമ്പലവുമൊന്നും പോകുന്നില്ല എന്ന് അങ്ങേയ്ക്ക് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു. അത് ശരിയല്ല. വാളാഞ്ചേരി മുക്കിൽ ഒരു പള്ളിയും വട്ടപ്പാറയിൽ പള്ളിയും പൂർണ്ണമായും ഇല്ലാതാകുന്നുണ്ട്. അതിനുള്ള അപേക്ഷ അങ്ങേയ്ക്ക് തന്നിട്ടുണ്ട്. അങ്ങ് അതിനുള്ള മറുപടി കത്തും തന്നിട്ടുണ്ട്. നിലവിലുള്ള ഹൈവേയുടെ ആ റോഡ് അടക്കമുൾപ്പെടുത്തിക്കൊണ്ട് അലൈൻമെന്റ് മാറ്റാനാവശ്യമായ ശ്രമം നടത്താൻ കഴിയുമെങ്കിൽ ആ നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതോടൊപ്പം ഓരോ പഞ്ചായത്തിലും പുറമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ അതത് പഞ്ചായത്തിലെ വീടും പുരയിടവും പൂർണ്ണമായും നശിച്ച് ഇല്ലാതാകുന്ന പാവപ്പെട്ടവരായ ആളുകൾക്ക് അവിടേയ്ക്ക് പുനരധിവസിപ്പിക്കാൻ ആവശ്യമായ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ആവശ്യമായ കോമ്പൻസേഷൻ കൊടുക്കാൻ ശ്രമിക്കുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട പ്രൊഫസർ പറഞ്ഞ ആ സമീപനമാണ് ഗവൺമെന്റിനുള്ളത്. ഗവൺമെന്റ് അവിടത്തെ ന്യായമായ കാര്യം പരിശോധിക്കാൻ തയ്യാറാണ്. രണ്ടാമത് ദേവാലയങ്ങളുടെ കാര്യം പറഞ്ഞു. പുതിയ മാറ്റമുണ്ടായത് അതുകൊണ്ട് മാത്രമാണ്. ആ കാര്യത്തിലും എന്തെങ്കിലും മാറ്റം... ദേവാലയങ്ങൾ അവിടെനിന്ന് മാറ്റി സ്ഥാപിക്കുമോ, അതല്ല

ദേവാലയങ്ങൾ നമ്മൾ പൊളിക്കണോ; ഈ കാര്യത്തിൽ നിങ്ങളും കൂടി ഒരു തീരുമാനമെടുക്കേണ്ട കാര്യമാണ്. നിസ്സാരകാര്യമല്ല അത്. മൂന്നാമത് പറഞ്ഞ കോമ്പൻസേഷന്റെ കാര്യം, കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരമാണ് കൊടുക്കുന്നത്. അത് ഞാനിവിടെ വായിച്ചു. അതായത് നഗരത്തോട് അടുത്താണെങ്കിൽ സൊലേഷ്യം അടക്കം മൂന്നുമടങ്ങുവരെ കിട്ടും. അതെല്ലാം സെൻട്രൽ ഗവൺമെന്റ് തീരുമാനിക്കുന്നതാണ്. മാക്സിമം കൊടുക്കാൻ നമുക്ക് കളക്ടർമാരോട് പറയാം. ഈ കാര്യത്തിൽ യാതൊരു പിടിവാശിയുമില്ല. പരമാവധി പ്രയാസം കുറച്ച് കാര്യങ്ങൾ നടത്തണം. ദേവാലയങ്ങൾ ഒഴിവാക്കിയതുകൊണ്ടാണ് 32 വീട് പോകുന്നത്. അത് ശരിയാണ്. എം.എൽ.എ.മാരുടെ യോഗം വിളിക്കുന്നുണ്ട്. അവിടെ നമുക്ക് ഇതിനെക്കുറിച്ച് സംസാരിക്കാം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, മലബാറിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചയാണല്ലോ. ഈ ചർച്ചയിൽ കോഴിക്കോട് - പാലക്കാട് റോഡ്, ദേശീയപാത 966 വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ ഇപ്പോൾ ചർച്ചയിലുണ്ടോ; നാഷണൽ ഗവൺമെന്റ് പറഞ്ഞിരിക്കുന്ന ഭാരത്മാലാ എന്ന റോഡ് വികസനവുമായി ബന്ധപ്പെട്ട് മലബാർ പ്രദേശത്തെ ഏത് റോഡുകളാണ് ഉൾക്കൊള്ളുന്നതെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായ വിവരം

നൽകാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിന് വിശദമായ നോട്ടീസ് വേണം. പക്ഷെ ഭാരത്മാല പ്രഖ്യാപിച്ചതിൽ നമുക്ക് 1200 കിലോമീറ്റർ വരും. അതിൽ കാസർഗോഡ് മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയുടെ നാലുവരിയിൽ 600 കിലോമീറ്റർ വരും. പിന്നെയുള്ളത് 600 കിലോമീറ്ററാണ്. പാലക്കാട് ഭാഗത്തെ ചർച്ച ഇപ്പോൾ ഇവിടെയില്ല. ഭാരത്മാല വരുമ്പോൾ എന്ത് പുകിലാണ് ഇവിടെ നടക്കാൻ പോകുന്നത്. അത് വയലിൽക്കൂടെയും, കൃഷിഭൂമിയിൽക്കൂടെയും വനത്തിൽക്കൂടെയും പോകണം. പ്രധാനമന്ത്രിയുടെ പദ്ധതിയാണ് ഭാരത്മാല. ബി.ജെ.പി.ക്കാർ എന്ത് ചെയ്യും. ഇപ്പോൾ വടക്കേ ഇന്ത്യയിൽനിന്നൊരു ബി.ജെ.പി. നേതാവ് എവിടെയോ പട്ടിയും പൂച്ചയും മൂത്രമൊഴിച്ച കുറെ മണ്ണുകൊണ്ടുവന്ന് രക്തംപുരണ്ട മണ്ണാണെന്നും പറഞ്ഞ് മലബാറിലിട്ടിരിക്കുകയാണ്. പതിനൊന്ന് ദളിതരെ വെടിവച്ചുകൊന്നിട്ട് കറപുരണ്ട കൈകളുമായി അറേബ്യയിലെ മുഴുവൻ സുഗന്ധങ്ങൾ കൊണ്ടുവന്ന് പൂശിയാലും ബി.ജെ.പി.യുടെ കൈ സുഗന്ധപൂരിതമാകുമോ? എന്നിട്ട് അതിന്റെ കുറെ നേതാക്കന്മാർ ഒരു പണിയുമില്ലാതെ കേരളത്തിൽവന്ന്...., ഇവിടെ ഒരു വെടിവയ്പും ഉണ്ടാകാൻ പോകുന്നില്ല, ഒരു തുള്ളി ചോര ഇവിടെ വീഴ്ത്തില്ല. അതിനാരും വിചാരിക്കുകയും വേണ്ട. സ്വന്തം പിച്ചാത്തികൊണ്ട് സ്വന്തം കഴുത്തിൽ കുത്തിയാൽ മാത്രമേ ഇവിടെ ചോര വീഴൂ. അതുകൊണ്ട് ബി.ജെ.പി.-

ക്കാരുടെ തോന്ന്യവാസങ്ങൾ ഈ ഭാരത്മാലയെ ബാധിക്കില്ലേ; ചോദ്യം അതാണ്. ഭാരത്മാലയെ ബാധിക്കും. അതെല്ലാം ചർച്ചചെയ്ത് നടപ്പിലാക്കേണ്ട കാര്യമാണ്. നാലുവരിക്ക് പ്രശ്നമില്ല. 600 കിലോമീറ്റർ കവർ ചെയ്യും. കൊടുത്താൽ കൊല്ലത്തും കിട്ടും എന്ന് ഓർത്തോളണം. ഈ പറഞ്ഞതൊന്നും നിങ്ങളോടല്ല, ബി.ജെ.പി.-യോടാണ്. നിങ്ങൾ അതിന് കൂട്ടുനിൽക്കരുതെന്നാണ് പറഞ്ഞത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ ദേശീയപാത വികസനത്തിന് ആരും എതിരല്ലെന്ന് മാത്രമല്ല, അത് നന്നായി നടത്തണമെന്നതന്നെയാണ്. ആ പാത വികസനം നടക്കുമ്പോൾ ജനങ്ങൾക്ക് നഷ്ടം കുറയ്ക്കുകയും ഗുണകരമായ രീതിയിൽ അത് കൈകാര്യം ചെയ്യണമെന്നുമാണ് അടിവരയിട്ട് പറയാനുള്ളത്. ഇപ്പോൾ ഒരു ഉദാഹരണം പറയാം. വെട്ടിച്ചിറ-പുത്തനത്താണി എന്നീ രണ്ട് പഞ്ചായത്തുകൾ എന്റെ മണ്ഡലമായ തിരൂരിലുണ്ട്. അവിടെനിന്നും കൽപ്പകഞ്ചേരി പഞ്ചായത്തിലേയ്ക്കുള്ള പാതവികസനത്തിൽ ഒരു പരാതിയുമില്ലല്ലോ. അതേസമയം മാധവനാട് പഞ്ചായത്തിന് പരാതിയുണ്ട്. അവിടെ നിലവിലുള്ള എൻ.എച്ച്.എ.ഐ. പ്രകാരം പന്ത്രണ്ട് വീട് പോകും, ഇരുപത് കെട്ടിടം പോകും. 45 ഹെക്ടർ വേണം. പകരം പഞ്ചായത്ത് ബോർഡ് കൂടി സർവ്വകക്ഷി വിളിച്ചുകൂട്ടി ഐകകണ്ഠ്യേന ആവശ്യപ്പെട്ടതനുസരിച്ച് മൂന്ന് വീട് പോകുന്നതും കേവലം അഞ്ച് കെട്ടിടം പോകുന്നതും അഞ്ചേക്കർ ഭൂമി കുറയുന്നതും വളവില്ലാത്തതുമായൊരു പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് ഗവൺമെന്റിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം നഷ്ടം കുറയുന്ന, വളവില്ലാത്തതും ജനങ്ങൾക്ക് ഉപകരിക്കുന്നതും എന്നാൽ ദൂരം കുറയുന്നതുമായ നല്ലൊരു പ്രൊപ്പോസൽ സമർപ്പിക്കാൻ ഐകകണ്ഠ്യേന പഞ്ചായത്ത് ബോർഡ് അംഗീകരിച്ച് സർവ്വകക്ഷി പ്രതിനിധി സംഘം ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ  കാണാൻ വന്നിട്ടുണ്ട്. ഈയൊരു നിലപാട് സ്വീകരിച്ചുകൊണ്ട് നടപടി സ്വീകരിച്ചുകൂടെ?

ശ്രീ. ജി. സുധാകരൻ: സർ, എൻ.എച്ച്.എ.ഐ. പറയുന്ന ജിയോമെട്രിക് കൺസിഡറേഷൻ ഒഴിച്ചുള്ള ബാക്കി പ്രയാസം കുറയ്ക്കുന്ന ഏത് നിർദ്ദേശവും അംഗീകരിക്കാം. പ്രശ്നമുള്ള സ്ഥലത്തിന്റെ കാര്യം നമുക്ക് ചർച്ച ചെയ്യാം.  മൊത്തം സ്ഥലത്തിന്റെ കാര്യം ചർച്ചചെയ്യേണ്ട കാര്യമില്ലല്ലോ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നാഷണൽ ഹൈവേ വികസനത്തിന് ആരും എതിര്  നിൽക്കുന്നില്ല. നമ്മുടെ നാട്ടിൽ ആവശ്യമുള്ളൊരു കാര്യംതന്നെയാണ്. ഇപ്പോൾ ചേർത്തല മുതൽ കഴക്കൂട്ടംവരെയുള്ള ഭാഗത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കാൻ പോവുകയാണ്. അതിനകത്ത് അവരുടെയൊരു ആശങ്കയെന്നുപറയുന്നത് 1956-ലെ നിയമപ്രകാരമാണ് നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്. 2012-ലെ നിയമമനുസരിച്ചുള്ള കോമ്പൻസേഷൻ കൊടുക്കുമോ; 2013-ലെ കോമ്പൻസേഷൻ ആക്ട് അനുസരിച്ചുള്ള കോമ്പൻസേഷൻ കൊടുക്കുമോ എന്ന് മന്ത്രി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കിയാൽ പലതരത്തിലുള്ള പ്രശ്നങ്ങൾ

നമുക്കൊഴിവാക്കാൻ കഴിയും. അങ്ങനെ ചെയ്യാൻ അങ്ങ് തയ്യാറുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അർത്ഥശങ്കയ്ക്കിടയില്ലാതെ ഇത് എത്രയോ തവണ ഇവിടെ വ്യക്തമാക്കിയതാണ്. ആക്ട് പ്രകാരമേ കൊടുക്കാൻ കഴിയൂ. അർബൻ ഏരിയയ്ക്കടുത്തുള്ള സ്ഥലമാണെങ്കിൽ വിലയും അതിന്റെ രണ്ട് മടങ്ങ് വിലയും കൂടി കൊടുക്കും അതിനോടൊപ്പം അതിന്റെ നൂറ് ശതമാനം സൊലേഷ്യം, 12 ശതമാനം പലിശ. ഇത് ആക്ടിലുള്ളതാണ്, അത് നമ്മൾ കൊടുക്കും. അത് കളക്ടർ ശിപാർശ ചെയ്തേ പറ്റൂ. നമുക്ക് നെഗോഷിയേറ്റ് ചെയ്യാൻ കഴിയില്ല. കാരണം, അത് എൻ.എച്ച്.എ.ഐ. സമ്മതിക്കില്ല. ഇപ്പോൾതന്നെ നമ്മൾ എല്ലാ സ്ഥലവും എടുത്തുകൊടുത്തിട്ട് ഒരുവർഷമേ ആയിട്ടുള്ളൂ. വിലകൂടുതലാണെന്ന് പറഞ്ഞ് കാസർഗോഡ് അവർ പണിയുന്നില്ല. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി അവരുമായി സംസാരിച്ചു. ദേശീയ ഗവൺമെന്റുതന്നെ കേരളത്തിലെ സ്ഥിതി മനസ്സിലാക്കുന്ന നിലപാടുകൊണ്ട് ദേശീയപാത വികസനം നീട്ടികൊണ്ടുപോകുകയാണെന്ന് വേണമെങ്കിൽ പറയാൻ കഴിയും. നമ്മുടെ കുഴപ്പംകൊണ്ട് നീട്ടികൊണ്ടുപോകാൻ കഴിയില്ല. അതാണ് നിലപാട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ഒരു കാര്യം വ്യക്തമാക്കാനുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. നിതിൻ ഗഡ്കരിയുമായി ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലയാണ് ഇവിടെ ഇടാക്കേണ്ടി

വരുന്നതെന്നതാണ് അവരുടെ നിലപാട്. ഒരു കിലോമീറ്ററിന് ഏഴ് കോടി രൂപ വരികയാണ്. ഇത് ഒരിടത്തുമില്ലാത്ത വിലയാണ്. കുറച്ച് തർക്കങ്ങൾ ആ കാര്യത്തിലുണ്ട്. ഏതായാലും മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അവരുടെയൊരു സമീപനം ആ തരത്തിൽ വന്നിട്ടുണ്ട്. എന്നാൽ ദേശീയപാത വേണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് വേറെ തർക്കങ്ങളൊന്നുമില്ല. ഈ പ്രശ്നം സംസ്ഥാന ഗവൺമെന്റും അവരുംകൂടി ചർച്ച ചെയ്ത് amicable solution കണ്ടെത്താമെന്ന ധാരണയിലാണ് നിൽക്കുന്നത്.

<u>അടിയന്തര ചോദ്യം നം. 1</u>

<u>ഹജ്ജ് ക്യാമ്പ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെ നടത്തേണ്ടി വരുമെന്ന കാര്യം തീരുമാനമായിട്ടുണ്ടോ;

(ബി) ഇവിടെ പ്രസ്തുത ക്യാമ്പ് നടത്താൻ ഉപയോഗിച്ചിരുന്ന വിമാന മെയിന്റനൻസ് സെന്റർ (ഹാംഗർ) ഇപ്രാവശ്യം ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗതാഗത തടസ്സം സൃഷ്ടിക്കാതെ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ്

എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെയാണ്.

(ബി&സി) കഴിഞ്ഞ വർഷങ്ങളിൽ ക്യാമ്പ് നടത്തിയ വിമാന മെയിന്റനൻസ് ഹാംഗർ ഈ പ്രാവശ്യം ലഭ്യമല്ല എന്നാണ് അറിയുന്നത്. ഹാംഗറിനു പകരം സിയാലിന്റെ അക്കാദമിയിൽ ഹാജിമാർക്കുള്ള താമസ സൗകര്യവും ആയതിനോട് ചേർന്ന് ശൗചാലയം, കാന്റീൻ, താൽക്കാലികമായി പന്തൽ സൗകര്യങ്ങൾ എന്നിവയോടുകൂടിയ ഹജ്ജ് ക്യാമ്പും ഗതാഗത തടസ്സം സൃഷ്ടിക്കാതെ ക്രമീകരിക്കാമെന്ന് ഹജ്ജ് കമ്മിറ്റി ചെയർമാനും സിയാൽ എം.ഡി. യുമായുള്ള കൂടിക്കാഴ്ചയിൽ ധാരണയായിട്ടുള്ളതും ടി വിവരത്തിന് സിയാലിന് കത്ത് നൽകിയിട്ടുള്ളതുമാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, അഞ്ച് വർഷം തുടർച്ചയായി ഹജ്ജിനപേക്ഷിച്ചിട്ടുള്ള ആളുകൾക്ക് പോകാനുള്ള അവസരം ഇതുവരെ ഉണ്ടായിട്ടില്ല. ഈ മുൻഗണനാ ആനുകൂല്യം ഈ പ്രാവശ്യം ലഭ്യമല്ലാത്തതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നടത്തുന്ന കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, പ്രസ്തുത കേസ് കോടതിയിൽ നടന്നുവരികയാണ്. അതുമായി ബന്ധപ്പെട്ടുവരുന്ന വെർഡിക്ടിന്റെ ബെയ്സിലായിരിക്കും കേന്ദ്രസർക്കാർ അക്കാര്യത്തിലൊരു തീരുമാനമെടുക്കുക എന്നാണ് അറിയാൻ സാധിക്കുന്നത്.

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, നാസ് എയർവേയ്സിന്റെ 210 ആളുകളെ കയറ്റുന്ന വിമാനം കോഴിക്കോടുനിന്ന് ഹജ്ജ് യാത്ര നേരത്തെ നടത്തിയിരുന്നു. പക്ഷെ കോഴിക്കോട് നിർമ്മിച്ചിട്ടുള്ള ഹജ്ജ് ഹൗസ് തികച്ചും ഉപയോഗശൂന്യമായ രീതിയിലാണ് ഇപ്പോഴുള്ളത്. ഈ വിമാനങ്ങൾ കോഴിക്കോടുനിന്ന് പുറപ്പെടാതിരിക്കാനുള്ള ഏതെങ്കിലും ഗൂഢാലോചന ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ; അതിനെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, സംസ്ഥാന ഗവൺമെന്റ് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടുനിന്നുതന്നെ വേണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രധാനമന്ത്രിക്കും സിവിൽ ഏവിയേഷൻ മിനിസ്ട്രിക്കും ആ കാര്യം സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് എഴുതുകയുമുണ്ടായിട്ടുണ്ട്. അവിടെ എംബാർക്കേഷൻ പോയിന്റ് ആക്കാതിരിക്കാൻ എന്തെങ്കിലും തരത്തിലുള്ള ഗൂഢാലോചനകൾ നടക്കുന്നുണ്ടോയെന്നുള്ള കാര്യം അറിയില്ല.

<u>തിരുത്തിയ ഉത്തരങ്ങൾക്കുള്ള ഉപചോദ്യം</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, സംസ്ഥാനങ്ങളുടെ വായ്പാ പരിധിയും ധനകമ്മിയും യാഥാർത്ഥ്യബോധത്തോടെയല്ലാതെ ധൃതഗതിയിൽ കുറയ്ക്കാനും അത് നിരീക്ഷിക്കുന്നതിന് സ്വതന്ത്രാധികാരമുള്ള ഫിസ്കൽ കൗൺസിൽ കേന്ദ്രസർക്കാർ നിയമിക്കണമെന്നുള്ള എം.ആർ.ഡി.എം. അവലോകന സമിതിയുടെ ശിപാർശ ജി.എസ്.ടി. വഴി നികുതി നിർണ്ണയിക്കുന്നതിനുള്ള അധികാരം കവർന്നതുപോലെ വികസനം ക്ഷേമചെലവ് ഉടമയിൽ സംസ്ഥാനങ്ങൾക്കുള്ള സാമ്പത്തിക പരമാധികാരം തുടങ്ങിയവ കവരാൻ ഉദ്ദേശ്യമുള്ളതാകയാൽ ശിപാർശകൾ അംഗീകരിക്കുന്നതിൽ നിന്ന് പിൻമാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

(ഡോ. ടി. എം. തോമസ് ഐസക്)